## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.454 10/03/15-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ | ശ്രീ. കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |

### സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

| ചോദ്യം | മറുപടി |
| --- | --- |
| (എ)<br>കേന്ദ്ര നികുതി വരുമാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് ആദ്യമായി ഉന്നയിച്ചത് എപ്പോഴായിരുന്നു; ഏതെല്ലാം ധനകാര്യകമ്മിഷനുകൾ മുമ്പാകെ നല്കിയ നിവേദനത്തിലാണ് ആ ആവശ്യം ഉന്നയിച്ചിട്ടുണ്ടായിരുന്നത്; | കേന്ദ്ര നികുതി വരുമാനത്തിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം വർദ്ധിപ്പിക്കണമെന്ന് എല്ലാ ധനകാര്യ കമ്മീഷനുകൾക്കുമുൻപാകെയും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി)<br>ചരക്ക് സേവന നികുതി (ജി.എസ്.ടി) നിലവിൽ വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ താത്പര്യം സംരക്ഷിക്കപ്പെടണമെങ്കിൽ യഥാർത്ഥത്തിൽ കേന്ദ്രനികുതി വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതായിട്ടുണ്ട്; | ചരക്ക് സേവന നികുതിയുടെ ഘടനയും നിരക്കും സംബന്ധിച്ച് ഇതുവരെ കേന്ദ്ര ഗവണ്മെന്റ് തീരുമാനം കൈകൊണ്ടിട്ടില്ല. അതിനാൽ ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതു മൂലം സംസ്ഥാനത്തിനുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |
| (സി)<br>പതിനാലാം ധനകാര്യ കമ്മീഷൻ ഇപ്പോൾ ശുപാർശ ചെയ്തപ്രകാരം എത്ര ശതമാനം നികുതി വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; ഇത് സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പര്യാപ്തമാണോ; | പതിനാലാം ധനകാര്യ കമ്മീഷൻ കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 42% ആണ് സംസ്ഥാനങ്ങൾക്കുള്ള വിഹിതമായി ശുപാർശ ചെയ്തിട്ടുള്ളത്. ഇതിന്റെ 2.5% തുക കേരളത്തിനു വിഹിതമായി ലഭിക്കും. ഇത് സംസ്ഥാനത്തിന്റെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ പര്യാപ്തമല്ല. |
| (ഡി)<br>ജി.എസ്.ടി നടപ്പാക്കുമ്പോഴുണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് ഇപ്പോഴത്തെ വർദ്ധന പര്യാപ്തമാണോ? | ചോദ്യം (ബി) യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല. |

Ajith

സെക്ഷൻ ഓഫീസർ